I/173074/2024

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ.ദിവ്യ എം ടി,അസിസ്റ്റൻറ് സർജൻ - സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ഉത്തരവ് നം. ഇ.എ2-2422/2023 ആ.വ.ഡ തീയതി:31.05.2023
2.ഒ എ(ഇ കെ എം)നം 1115/ 2024 മ്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഉത്തരവ് തീയതി:12.02.2024.

**ഉത്തരവ് നം. ഇ.എ2-2422/2023 ആ.വ.ഡ തീയതി:11-03-2024**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലം മാറ്റത്തിൽ തൃശൂർ തോന്നൂർക്കര കുടുംബാരോഗ്യകേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ .ദിവ്യ എം ടി-യെ (പെൻ.610798) പരാമർശ (1) ഉത്തരവ് പ്രകാരം തൃശൂർ ജില്ലയിലെ തിരുവില്ല്വാമല കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത സ്ഥാപനം ടി മെഡിക്കൽ ഓഫീസറുടെ 2023 ലെ പൊതുസ്ഥലമാറ്റ അപേക്ഷയിലെ ഓപ്ഷൻ അല്ലാത്തതിനാൽ ഓപ്ഷനിൽ പരിഗണിക്കണം എന്നാവിശ്യപെട്ടുകൊണ്ട് ടി മെഡിക്കൽ ഓഫീസർ ഫയൽ ചെയ്ത ഒ എയിന്മേലുള്ള പരാമർശ ഉത്തരവിൽ ഡോ .ദിവ്യ എം ടി യുടെ Annexure A.1 അപേക്ഷ പരിഗണിച്ച് അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.ദിവ്യ എം ടി യുടെ Annexure A.1 അപേക്ഷ വിശദമായി പരിശോധിച്ചു. ടി മെഡിക്കൽ ഓഫീസറുടെ ഓപ്ഷനുകളിൽ എല്ലാം ഡോ ദിവ്യ എം ടി യെക്കാളും അർഹതയുള്ളവരെയാണ് നിയമിച്ചിരിക്കുന്നത്. ടി മെഡിക്കൽ ഓഫീസറുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വല്ലച്ചിറ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിലവിൽ ഒരു ഒഴിവ് വന്നിട്ടുണ്ട്. ആയതിനാൽ 2023 പൊതുസ്ഥലം മാറ്റത്തിലെ അപേക്ഷകളുടെ അടിസ്ഥാനത്തിലുള്ള വല്ലച്ചിറ പ്രാഥമികാരോഗ്യകേന്ദ്രത്തിലെക്കുള്ള ക്യൂ ലിസ്റ്റ് പ്രകാരം ഡോ ദിവ്യ എം ടി യെ തൃശൂർ ജില്ലയിലെ വല്ലച്ചിറ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ നിലവിലുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.പരാമർശപ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ്

I/173074/2024

ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു .

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 11-03-2024 16:28:04

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ .ദിവ്യ എം ടി,കുടുംബാരോഗ്യ കേന്ദ്രം,തിരുവില്ലാമല ,തൃശൂർ

പകർപ്പ് :

1. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം), തൃശൂർ
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സൂപ്രണ്ട്/ മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ.